Impact Factor (QJIF): 8.47 E-ISSN: 2583-1615, P-ISSN: 3049-3498

International Journal of Research in Academic World

**Received:** 11/June/2026 **IJRAW:** 2026; 5(8):148-152 **Accepted:** 16/July/2026

# പാരിസ്ഥിതിക ഫോക് ലോറും പ്രകൃത്യാരാധനയും

***1Ragi Sekharan K**

*1Assistant Professor, Department of Malayalam, S N M College, Maliankara, Ernakulam, Kerala, India.

**സംഗ്രഹം**

ഫോക്ലോറും പാരിസ്ഥിതിക പഠനങ്ങളും പ്രകൃത്യാരാധനയും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തെക്കുറിച്ച് ഈ ലേഖനം പരിശോധിക്കുന്നു. പരമ്പരാഗത സമൂഹങ്ങളും നാടൻ അറിവുകളും പ്രകൃതിയുമായി എത്രത്തോളം ഇഴചേർന്നിരിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. സ്വീഡിഷ് പണ്ഡിതനായ വോൺസിഡോയിൽ നിന്ന് ഉത്ഭവിച്ച ഇക്കോ-ഫോക്ലോർ (Eco-folklore) എന്ന ആശയത്തെക്കുറിച്ചും, തൊൽകാപ്പിയം പോലുള്ള പ്രാക്തന തമിഴ് ഗ്രന്ഥങ്ങളിലെ ദ്രാവിഡ സൗന്ദര്യശാസ്ത്രവുമായി അതിനുള്ള ബന്ധത്തെക്കുറിച്ചും ഇത് ചർച്ച ചെയ്യുന്നു. പൊങ്കൽ, പൊങ്കാല, ഉച്ചാരൽവേല, ഏർപ്പ്, ഉദയൻപൂജ, കലം കനിപ്പ് തുടങ്ങിയ പ്രകൃതിയുമായി ബന്ധപ്പെട്ട വിവിധ ആചാരങ്ങളും ഉത്സവങ്ങളും ഉർവ്വരതാനുഷ്ഠാനങ്ങളായും പ്രകൃത്യാരാധനയുടെ ഭാഗമായും ഇതിൽ വിശകലനം ചെയ്യുന്നു. കൂടാതെ, വൃക്ഷാരാധന, കാവുകളുടെ പവിത്രത എന്നിവയെക്കുറിച്ചും, ഇത്തരം പ്രാചീന ആചാരങ്ങൾ എങ്ങനെയാണ് സുസ്ഥിര ജീവിതത്തെയും പരിസ്ഥിതിബോധത്തെയും പ്രതിഫലിപ്പിക്കുന്നത് എന്നും ഇത് വിശദീകരിക്കുന്നു. ആദിമ മനുഷ്യർ പ്രകൃതിയെ മാതൃശക്തിയായി കണ്ട് ഭയഭക്തിബഹുമാനങ്ങളോടെ സംരക്ഷിച്ചിരുന്നു എന്ന നിഗമനത്തിലാണ് ഇത് അവസാനിക്കുന്നത്. ഇക്കോ ഫെമിനിസവുമായി ചേർത്തു വായിക്കാവുന്നതാണ്.

**താക്കോൽ വാക്കുകൾ:** ഫോക്ലോർ (Folklore), ഇക്കോ - ഫോക്ലോർ (Eco-Folklore), പ്രകൃത്യാരാധന (Nature Worship), വൃക്ഷാരാധന (Tree Worship / Vriksharadhana), ആചാരനുഷ്ഠാനങ്ങൾ (Rituals and Festivals), ഇക്കോ ഫെമിനിസം (Ecofeminism), നാട്ടറിവുകൾ (Indigenous Knowledge)

## ആമുഖം

മാനവരാശിയുടെ കലാസാംസ്കാരികവൈവിധ്യങ്ങളെകുറിച്ചുള്ള വിജ്ഞാനധാരയാണ് ഫോക്ലോർ. ഫോക്, ലോർ എന്നീ രണ്ട് പദങ്ങളുടെ സംയുക്തമാണിത്. നിരക്ഷരരായ, ഗ്രാമീണരായ, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ, ഒരുകൂട്ടം ആളുകളുടെ, അറിവിനെയാണ് ഫോക്ലോർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പാരമ്പര്യത്തിന്റെ വഴിക്ക് ജീവിക്കുന്നവരാണ് ഇവർ. ഈ (folk-Society) ജനസമൂഹം എപ്പോഴും ചെറുതും ഒറ്റപ്പെട്ടതും ആയിരിക്കും. ഇവരിൽ വാചിക പാരമ്പര്യ വിശ്വാസങ്ങളും യഥാർത്ഥനാടൻ സംസ്കാരവും കാണാൻ സാധിക്കും. പ്രകൃതിയുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളുടെ പ്രമാണം എന്ന നിലയിലാണ് മാക്സ്മുള്ളർ ഫോക്ലോറിനെ വീക്ഷിച്ചത്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക പഠനങ്ങൾ ഫോക്ലോറുമായി ബന്ധപ്പെട്ടിരിക്കുന്നു.

ജനങ്ങളുടെ മാത്രമല്ല ജീവജാലങ്ങളുടെയെല്ലാം ജീവിതം ചുറ്റുപാടുങ്ങളുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനമാണ് പാരിസ്ഥിതികവിജ്ഞാനം. ഫോക്ലോർ പഠനത്തിൽ പാരിസ്ഥിതിക പഠനത്തിന് വളരെയേറെ സാധ്യതകളുണ്ട്. ഫോക്ലോർ പഠനപദ്ധതിയിൽ ഇക്കോ -ഫോക്ലോർ എന്ന ആശയം ഉദയം ചെയ്തത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ



***Corresponding Author:** Ragi Sekharan K

അന്ത്യത്തിലാണ്. സ്വീഡനിലെ പ്രശസ്ത ഫോക്ലോർ പണ്ഡിതനായിരുന്ന വോൺസിഡോ പ്രാദേശികവും ചരിത്രപരവുമായ ഘടകങ്ങൾ ഫോക്ലോർ ഗുണങ്ങളെ തനിമയുള്ളതാക്കിതീർക്കുമെന്ന് വാദിച്ചു അദ്ദേഹത്തിന്റെ ചിന്തകളാണ് ഇക്കോ - ഫോക്ലോർ എന്ന ആശയത്തെ വളർത്തിക്കൊണ്ടു വന്നത്. പരിതോവസ്ഥകളുടെ സ്വാധീനം കൊണ്ടാണ് ഇക്കോ ടൈപ്പുകൾ രൂപം കൊള്ളുന്നതെന്ന് അദ്ദേഹം സിദ്ധാന്തവത്കരിക്കുന്നു. സന്ദർഭത്തിനും പ്രാകൃതിക ചുറ്റുപാടുകൾക്കുമുള്ള പ്രാമുഖ്യവും അദ്ദേഹം വ്യക്തമാക്കുന്നു. ഇക്കോ ഫോക്ലോറിനെ കുറിച്ച് ചിന്തിക്കുമ്പോൾ പ്രാക്തനതമിഴ്ഗ്രന്ഥമായ തൊൽകാപ്പിയത്തെ ഓർക്കേണ്ടതുണ്ട്. അതിലെ പൊരുളതികാരം ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന്റെ ആധികാരികരേഖയാണ്. ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയുമായി മാനവജീവിതം എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന് അത് വ്യക്തമാക്കുന്നു അതിലെ തിണസങ്കല്പം സ്ഥലകാലങ്ങളെ കുറിച്ചുള്ള ചിന്തകളുടെ പ്രസക്തിയെ വ്യക്തമാക്കുന്നുണ്ട്.

**പ്രാകൃതികപ്രതിഭാസങ്ങളെ കുറിച്ചുള്ള ആഖ്യാനങ്ങൾ -**

ആദ്യകാലത്ത് ഋതുക്കൾ, ഇടി, മി ന്നൽ, മഴ, മഞ്ഞ്തൊട്ടുള്ളവയെ സംബന്ധിച്ചുള്ള പുരാവൃത്തങ്ങൾ പല സംസ്കാരങ്ങളിലും കാണാൻ കഴിയും. ഇവയ്ക്കെല്ലാം ദേവതാസങ്കല്പവും ഉണ്ട്. സസ്യജീവിതം, ഉർവ്വരത എന്നിവയ്ക്കും ദേവതകൾ ഉണ്ട്. പുണ്യനദികളെയും പുണ്യവൃക്ഷങ്ങളെയും കുറിച്ചുള്ള മിത്തുകൾ ധാരാളമായി നിലനിൽക്കുന്നുണ്ട്. പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ട ധാരാളം ദേവതാചരിതങ്ങൾ നാടൻ പുരാവൃത്തങ്ങളിൽ കാണാൻ സാധിക്കും ഗോത്രചിഹ്നങ്ങൾ ആയി സങ്കൽപിക്കപ്പെട്ട ചെടികൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ഉരഗങ്ങൾ എന്നിവയെ പരിപാവനമായി കരുതി ആരാധിക്കുന്നരീതിയും നമുക്കിടയിൽ നിലനിൽക്കുന്നുണ്ട്. ജനജീവിതം പ്രകൃതിയുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് മേൽ സൂചിപ്പിച്ച കാര്യങ്ങൾ. ആധുനികഘട്ടത്തിലാണ് മനുഷ്യൻ പ്രകൃതിയിൽനിന്ന് അകലുവാൻ തുടങ്ങിയത്. അത് അവനെ ഏറെ ദോഷവും ചെയ്തു. മനുഷ്യന്റെ അറിവ് മുഴുവൻ പ്രകൃതിയിൽ നിന്നും ലഭിച്ചതാണ് കണ്ടും കേട്ടും അനുഭവിച്ചും ഉൾക്കൊണ്ട അറിവാണ് അവയെല്ലാം. വിശ്വാസം, ആരാധന, ഉത്സവം, ആഘോഷം, കലാനിർവഹണം, ഭക്ഷണം തുടങ്ങി ജീവിതത്തിലെ എല്ലാ ഘടകങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. രോഗചികിത്സാരീതികളും രോഗപ്രതിരോധമരുന്നുകളും മനുഷ്യൻ പ്രകൃതിയിൽ നിന്നും കണ്ടെത്തിയതാണ്. കാർഷിക - തൊഴിൽരംഗത്തെ അറിവ് മുഴുവൻ പ്രകൃതി അറിവുകളാണ്. ഋതുഭേദങ്ങളും ഭൂപ്രകൃതിയും ജീവിതത്തിലെ സർവ്വരംഗങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും മനുഷ്യൻ പ്രകൃതിയിൽ നിന്നാണ് അറിഞ്ഞിരുന്നത്. ഫോക്ലോർ പഠനത്തിൽ പാരമ്പര്യമായി നേടിയ ഇത്തരം അറിവുകൾ വളരെ വിലപ്പെട്ടവയുമാണ്. മനുഷ്യൻ തന്റെ ചുറ്റുമുള്ള പ്രകൃതിയെ ആരാധിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മനുഷ്യന് കീഴടക്കാൻ സാധിക്കാത്തവയെ ഭയഭക്തി ബഹുമാനത്തോടുകൂടി സമീപിച്ചിരുന്ന ഒരു കാലം മനുഷ്യർക്ക് ഉണ്ടായിരുന്നു. അക്കാലത്താണ് പ്രകൃത്യാരാധന നിലനിന്നിരുന്നത്. പ്രകൃതി ശക്തികളായ സൂര്യൻ, അഗ്നി, വായു, വെള്ളം, ഭൂമി, എന്നിവയിൽ ചേതനത്വം ആരോപിച്ചാണ് ആരാധിച്ചിരുന്നത്. പൊങ്കൽ, ഉച്ചാർവേല, പൊങ്കാല, ഏർപ്പ്, കലം കനിപ്പ്, ഉദയൻപൂജ എന്നിവയെല്ലാം പ്രകൃത്യാരാധനയുടെ സ്വഭാവം ഉൾക്കൊള്ളുന്നവയാണ്. സചേതനങ്ങളായ നാഗങ്ങൾ, വൃക്ഷങ്ങൾ എന്നിവയേയും ഇവയോടൊപ്പം തന്നെ ആരാധിച്ചിരുന്നു. നാഗാരാധന, കാവുപൂജ, വൃക്ഷാരാധന എന്നിവയും പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**പൊങ്കൽ**

തമിഴ്പാരമ്പര്യത്തിൽ ഉള്ളതും പ്രകൃത്യാരാധനപരവുമായ ആഘോഷമാണ് പൊങ്കൽ. കർക്കടകമാസത്തിൽ ആരംഭിക്കുന്ന കൃഷിപണി മകരസംക്രമത്തോടു കൂടി അവസാനിക്കുന്ന, സൂര്യൻ മകരരാശിയിൽ പ്രവേശിക്കുന്ന സമയത്താണ് തൈപൊങ്കൽ അഥവാ മകരപൊങ്കൽ നടത്തുന്നത്. നാലു ദിവസങ്ങളിലായി നടത്തുന്ന ആഘോഷത്തിൽ നാലുതരത്തിലുള്ള ആചാരനുഷ്ഠാനങ്ങൾ ഉൾകൊള്ളുന്നു. ബോധിപ്പൊങ്കൽ, സൂര്യപൊങ്കൽ, മാട്ടുപൊങ്കൽ, കാണം പൊങ്കൽ എന്നിവയാണ് നാലു ദിവസങ്ങളിലായി നടത്തുന്നത്. കൃഷിയുടെ അവസാനദിവസത്തിലെ വിളവെടുപ്പാഘോഷമാണ് ബോധിപൊങ്കൽ. സൂര്യനെ പൂജിക്കുന്നതാണ് സൂര്യപൊങ്കൽ. കന്നുകാലികളെ മഞ്ഞൾ വെള്ളത്തിൽ കുളിപ്പിച്ച് ചന്ദനം, മഞ്ഞൾ, വസ്ത്രം എന്നിവ കൊണ്ട് അലങ്കരിച്ച് പൂജ ചെയ്യുന്നതാണ് മാട്ടുപൊങ്കൽ. പലതരത്തി ലുള്ള കളികളും വിനോദങ്ങളും കലാപ്രകടനങ്ങളും ആണ് കാണംപൊങ്കലിൽ ഉള്ളത്. മഴയുടെ ദേവനായ സൂര്യനെയും ഗോമാതാവിനെയും പൂജിക്കുന്ന

പൊങ്കൽ ഉർവരതാനുഷ്ഠാനമായ പ്രകൃത്യാരാധനയാണ്.

**പൊങ്കാല**

മധ്യ - ദക്ഷിണകേരളത്തിലെ വിവിധപ്രദേശങ്ങളിൽ നടത്തി വരുന്ന പ്രകൃത്യാരാധനപരമായ ആചാരനുഷ്ഠാനമാണിത്. കുംഭമാസത്തിലെ ഭരണി നാളിലാണ് പൊങ്കാല ആഘോഷിക്കുന്നത്. അന്ന് പ്രഭാതം മുതൽ പ്രദോഷം വരെ അടുപ്പുകൾ കൂട്ടി സ്ത്രീകൾ പുത്തൻ മൺപാത്രത്തിൽ ശർക്കരപായസമുണ്ടാക്കി നിവേദിക്കും.

**ഉച്ചാരൽവേല**

മധ്യകേരളത്തിലെ ചില ദേവീക്ഷേത്രങ്ങളിൽ മകരമാസാന്ത്യത്തിൽ നടത്തി വരുന്ന ഉത്സവമാണിത്. രണ്ടാം വിളവെടുപ്പ് കഴിഞ്ഞു വരുന്ന വേനൽ, ഭൂമിയുടെ അടിയിലുള്ള ചൂട് പൊന്തി വരുന്ന കാലമാണ്. നാലുദിവസമാണ് ആഘോഷം. ആദ്യത്തെ മൂന്നു ദിവസങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട ഒന്നും ചെയ്യാൻ പാടില്ല എന്നാണ് വിശ്വാസം. ആ നാളുകളെ ഭൂമിദേവിയുടെ ആർത്തവകാലമായാണ് കാണുന്നത്. നാലാം ദിവസം രാവിലെ കൃഷികാര്യങ്ങൾ ആരംഭിക്കുന്നു.

**ഏർപ്പ്**

വടക്കേമലബാറിലെ ചില പ്രദേശങ്ങളിൽ മകരമാസാന്ത്യത്തിൽ നടത്തുന്ന ആഘോഷമാണിത്. മകരപൊങ്കലുമായി ഇതിന് ബന്ധമുള്ളതായി കാണാം. തണുത്തതും ശക്തവുമായ കാറ്റടിക്കുന്ന കാലമാണ് ഏർപ്പുകാലം. ആ കാറ്റിനെ ഏർപ്പുകാറ്റ് എന്നാണ് പറയുക. ഏർപ്പു കാലത്ത് (മകരം 28 ന്) ഗൃഹങ്ങളിൽ തുവര, പയറ്, അരി, ഉഴുന്ന് തുടങ്ങിയ ധാന്യങ്ങൾ പുഴുങ്ങി (ഏർപ്പ് പുഴുക്ക്) ഒരു നാക്കിലയിൽ പകർന്ന് കാറ്റത്തു കൊണ്ടുവയ്ക്കും.
കാറ്റിനെ പൂജിക്കുകയാണ് എന്നതാണിവിടത്തെ സങ്കല്പം. പ്രകൃതിയെ മയപ്പെടുത്തിയെടുക്കാനുള്ള പ്രകൃത്യാരാധനരീതിയാണിത്. കണ്ണൂരിലുള്ള രാമന്തളി ശ്രീശങ്കരനാരായണക്ഷേത്രത്തിൽ ഏർപ്പുത്സവം പ്രധാനമാണ്. മകരസംക്രമം, കുംഭം ഒന്ന് എന്നീ ദിവസങ്ങളിലാണ് ഇത് നടത്തുന്നത്.

**ഉദയൻപൂജ**

പാടത്തുപൂജ, ആദിത്യൻപൂജ എന്നൊക്കെ പേരുകളുള്ള ഉദയൻപൂജ എന്ന അനുഷ്ഠാനം നടക്കുന്നത് തെക്കേമലബാറിൽ അപൂർവ്വം ചില പ്രദേശങ്ങളിലും കോട്ടയം ആലപ്പുഴ തിരുവനന്തപുരം എന്നീ ജില്ലകളിലുമാണ്. മീനം, മേടം മാസങ്ങളിൽ രണ്ടാം വിളവെടുപ്പിനുശേഷം നടത്തുന്ന ഈ ആഘോഷം പത്താമുദയം കൊണ്ട് അവസാനിക്കും. വിളവെടുപ്പ് കഴിഞ്ഞ വയലുകളിൽ നിർമ്മിച്ച അലങ്കരിച്ച പന്തലുകളിൽവെച്ചാണ് ഈ ആരാധന നടത്തുന്നത്. ഈ പ്രകൃതിപൂജയ്ക്ക് മധുരക്കള്ളിൽ കുഴച്ചുണ്ടാക്കുന്ന അപ്പം ആണ് നിവേദിക്കുന്നത്. പന്തലിൽവച്ചു തന്നെയാണ് അപ്പം വാർക്കുന്നത്. അപ്പം നിറച്ചപാത്രങ്ങൾ കൈയ്യിലേന്തി സൂര്യന്നഭിമുഖമായി നിന്ന് കീർത്തനങ്ങൾ പാടും. കൊട്ടും കുരവയും ആർപ്പുമൊക്കെയായി ആഘോഷമായാണ് ഉദയൻപൂജ നടത്തുന്നത്.

**കലം കനിപ്പ്**

കാസർഗോഡ്ജില്ലയിലെ തീയസമുദായക്കാരുടെ മുഖ്യ ആരാധനാകേന്ദ്രമാണ് പാലക്കുന്ന് കഴകം. മകരമാസത്തിലാണ് കലം കനിപ്പ് ഉത്സവം നടത്തുന്നത്. സ്ത്രീകൾ വ്രതാനുഷ്ഠാനത്തോടെ ഉണക്കലരിപ്പൊടി നിറച്ച പുത്തൻ മൺപാത്രത്തിന്റെ മുകളിൽ വെറ്റില, പഴുക്ക, നാളികേരം, ശർക്കര എന്നിവ പൊതിഞ്ഞ് വച്ച്, കലം കനിപ്പിനായി കൊണ്ടുവന്നുവയ്ക്കും. ആയിരക്കണക്കിന് കലങ്ങൾ ഇങ്ങനെ വന്നുചേരും. പിറ്റേന്ന് കലത്തിലുള്ള അരിപ്പൊടിയും ശർക്കരയും നാളികേരവും കൊണ്ട് പ്രത്യേകം അടയുണ്ടാക്കും. ദണ്ഡൻഅട എന്നാണ് ഇതിനെ പറയുക. കലം കൊണ്ടുവന്നവർക്കെല്ലാം അടപ്രസാദമായി നൽകും. കലം കനിപ്പുത്സവം ഉർവ്വരതാനുഷ്ഠാനമുറകളിലൊന്നാണ്.
ഇതുമായി ബന്ധപ്പെട്ട് വരുന്ന മറ്റൊരു വഴിപാടാണ് കലങ്കരി. മധ്യകേരളത്തിലാണ് ഇതിന് പ്രചാരം. കാവ്, കോട്ട, മണ്ടകം, തറ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ഭഗവതി സ്ഥാനങ്ങളിലാണ് ഇത് നടത്തിവരുന്നത്. വ്രതമെടുത്ത സ്ത്രീകൾ പുത്തൻ മൺകലത്തിൽ അരിയും ശർക്കരയും തേങ്ങയും കൊണ്ട്പായസമുണ്ടാക്കുന്നതാണ് കലങ്കരിയുത്സവം.

**വൃക്ഷാരാധന**

വൃക്ഷങ്ങളെ ആരാധിക്കുക, വൃക്ഷമൂലങ്ങളിൽ ദേവതകളെ കുടിയിരുത്തുക, വൃക്ഷങ്ങളും വള്ളികളും നട്ടുവളർത്തി 'കാവു'ണ്ടാക്കി അതിനുള്ളിൽ ദേവതകളെ കുടിയിരുത്തുക മുതലായവയെല്ലാം വൃക്ഷാരാധനയുടെഭാഗമാണ്. നാഗാരാധനയും വൃക്ഷാരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നു. പാലുള്ള വൃക്ഷങ്ങളാണ് ദേവതാസ്ഥാനങ്ങളായി കൂടുതൽ കാണുന്നത്. അയ്യപ്പൻകാവ്, നാഗകാവ്, കാളിക്കാവ്, ഗണപതിക്കാവ് എന്നിവയെല്ലാം കാവാരാധനയ്ക്ക് ഉദാഹരണമാണ്. പാല,

ചെമ്പകം, ആല്, പ്ലാവ്, ഇലഞ്ഞി, കാഞ്ഞിരം, വേപ്പ്, കോളി തുടങ്ങിയ പാലുള്ളവൃക്ഷങ്ങൾ ദേവതകളുടെ പ്രിയസങ്കേതങ്ങളായാണ് കരുതുന്നത്. ആല്, അരയാല് എന്നിവ പ്രദക്ഷിണം ചെയ്യുന്നത് പുണ്യകർമ്മമായാണ് കരുതുന്നത്. വേപ്പ് കാളിയ്ക്ക് ഇഷ്ടപ്രദമാണ്. കൂവളത്തിൽ മഹാലക്ഷ്മിയുടെ സാന്നിധ്യമുണ്ട്. ശിവപൂജയ്ക്കും കൂവളത്തില ഉത്തമമാണ്. കാഞ്ഞിരത്തിന് കാർഷികസംസ്കാരവുമായി അഭേദ്യമായ ബന്ധമുണ്ട്. കാലിച്ചേകോൻ തുടങ്ങിയ ഉർവരദേവതകളുടെ സ്ഥാനം കാഞ്ഞിരവൃക്ഷത്തിന്റെ ചുവട്ടിലാണ്. നെൽക്കതിർ ആദ്യമായി അകത്തു കയറ്റുമ്പോൾ (നിറയ്ക്ക്) കാഞ്ഞിരത്തില കൂടി നിറയ്ക്കാറുണ്ട്. നെല്ല് സൂക്ഷിക്കുന്ന പത്തായത്തിലും അളക്കുന്ന പറയിലും കാത്തിരത്തില ഇടാറുണ്ട്. വിളകൊയ്യുമ്പോൾ കത്തിയൊടൊപ്പം കാഞ്ഞിരത്തിലയും പിടിക്കണമെന്നാണ് നിയമം. നിറയ്ക്ക് നിറോലം, കെട്ടുവാൻ നെല്ലി, അരയാല്, കാഞ്ഞിരം, മാവ്, മുള, വട്ടപ്പലം, പൊലുവള്ളി എന്നിവയുടെ ഇല ഉപയോഗിക്കുന്നു. ഓരോ ജന്മനക്ഷത്രങ്ങൾക്കും ഓരോ വൃക്ഷങ്ങളുണ്ട്. അവരവർ ജനിച്ച നക്ഷത്രത്തിന് കൽപിച്ചിട്ടുള്ള വൃക്ഷങ്ങളെ നശിപ്പിക്കാതെ വളർത്തുന്നത് ആയുരാരോഗ്യാഭിവൃദ്ധിക്ക് കാരണമാകുന്നു. നമ്മുടെ പൂർവ്വികർ വീടിന്റെ ഓരോ ഭാഗത്തും നട്ടുവളർത്തേണ്ട വൃക്ഷങ്ങളെക്കുറിച്ചുംധാരണയുള്ളവരായിരുന്നു. ഇലഞ്ഞി, പേരാൽ, പ്ലാവ്, കൂവളം എന്നിവ കിഴക്കുവശത്തും. അത്തി, കവുങ്ങ്, പുളി, അമ്പഴം, എന്നിവ തെക്കുഭാഗത്തും പാല, അരയാൽ, തെങ്ങ് എന്നിവ പടിഞ്ഞാറും ഇത്തി, മാവ്, നാഗമരം എന്നിവ വടക്കുഭാഗത്തും പുന്ന, വേങ്ങ, ചമ്പകം തുടങ്ങിയവ എല്ലാഭാഗത്തും ഉത്തമമാണെന്ന് തച്ചുശാസ്ത്രഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണാം. മേൽ സൂചിപ്പിക്കപ്പെട്ട വിശ്വാസങ്ങളിൽ നിന്നും അറിവുകളിൽ നിന്നും നമ്മുടെ പൂർവ്വസൂരികൾക്ക് വൃക്ഷങ്ങളോടുണ്ടായിരുന്ന പ്രതിപത്തിയും ആരാധനാമനോഭാവവും സ്നേഹവും മനസിലാക്കാവുന്നതാണ്.

ആചാരനുഷ്ഠാനങ്ങളുടേയും വിശ്വാസങ്ങളുടേയും ആരാധനയുടെയും ചുവടുപിടിച്ച് വൃക്ഷങ്ങളെയും പ്രകൃതിയേയും സംരക്ഷിക്കുകയായിരുന്നു ആദിമമനുഷ്യൻ ചെയ്തിരുന്നതെന്ന് മനസിലാക്കാം. വൃക്ഷാരാധനയെയും പ്രകൃത്യാരാധനയുടെ ഭാഗമായികാണാം.

പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ട ചില ആചാരനുഷ്ഠാനങ്ങൾ പരാമർശിക്കുന്നതിലൂടെ പാരിസ്ഥിതികവാദവുമായുള്ള ഫോക് ലോർ ബന്ധത്തെ അവതരിക്കുകയാണിവിടെ ചെയ്യുന്നത്. ദ്രാവിഡഗോത്രസംസ്കൃതിയുടെ ഭാഗമായുള്ള ആചാരനുഷ്ഠാനങ്ങളിലെല്ലാം തന്നെ പ്രകൃത്യാരാധന ദർശിക്കാവുന്നതാണ്. ഭൂമിപൂജയും വൃക്ഷാരാധനയും നാഗാരാധനയും എല്ലാം പ്രകൃത്യാരാധനയുടെ ഭാഗമായി കണക്കാക്കാവുന്നതാണ്. കാവ്, കോട്ട, മണ്ടകം, തറ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ഭഗവതിസ്ഥാനങ്ങളെല്ലാം തന്നെ പ്രകൃതിയുടെ തൽഇടങ്ങളാണ്. കെട്ടിടങ്ങളോ എടുപ്പുകളോ ക്ഷേത്രങ്ങളോ നിർമ്മിക്കാതെ പ്രകൃതിയുടെ ഭാഗമായി തന്നെ നിലനിൽക്കുന്ന ഇടങ്ങളാണിവ. ഇവിടത്തെ ഭഗവതിസങ്കല്പം, ഭൂമിദേവിയെന്ന അമ്മസങ്കല്പം തന്നെയാണെന്നതിൽ സംശയമില്ല. എല്ലാത്തിനും ആധാരമായ അമ്മ തന്നെയാണ് പ്രകൃതി. പ്രകൃതിയെ സംരക്ഷിച്ചാൽ മാത്രമേ മനുഷ്യനടക്കമുള്ള ജൈവരാശിയ്ക്ക് നിലനിൽപ്പുണ്ടാവുകയുള്ളൂ എന്ന ചിന്തയാണ് ഉർവ്വരാരാധനയ്ക്ക് പിന്നിലുള്ളത്. ജീവന്റെ ആധാരമായ പ്രകൃതിയെ സ്ത്രീയായാണ്, അമ്മയായാണ് നാം കാണുന്നത്. ഈ അമ്മപ്രകൃതി സങ്കല്പത്തിൽ ഇക്കോ ഫെമിനിസസിദ്ധാന്തത്തേയും ചേർത്തു വായിക്കാവുന്നതാണ്. കലം കനിപ്പ്, പൊങ്കൽ, പൊങ്കാല തുടങ്ങിയ അനുഷ്ഠാനങ്ങളെല്ലാംതന്നെ നിർവ്വഹിക്കുന്നത് സ്ത്രീകളാണ്.ഭഗവതി, അമ്മ എന്ന സ്ത്രീസ്വത്വസങ്കല്പത്തെ അഭീഷ്ടദായിനിയായി കണ്ടാണ് അനുഷ്ഠാനകർമ്മങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഇതെല്ലാംതന്നെ പാരിസ്ഥിതികസ്ത്രീവാദവുമായി ചേർത്തുവായിക്കാവുന്നതാണ്. തെയ്യം, തിറ, മുടിയേറ്റ്, പടയണി തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളിലെല്ലാം പ്രകൃതിവിഭവങ്ങളുടെ സാന്നിധ്യവും ഉപയോഗവും കടന്നുവരുന്നുണ്ട്. മലയാളിയുടെ ആചാരനുഷ്ഠാനങ്ങളായ വിഷു, ഓണം, തിരുവാതിര തുടങ്ങിയവയുടെ ആരാധനക്രമങ്ങളിൽ നിന്നും പ്രകൃതിയെ മാറ്റിനിർത്താനാവില്ല എന്ന വസ്തുത പ്രകൃത്യാരാധനയുടെ പ്രാധാന്യം വ്യക്തമാക്കുന്നതോടൊപ്പം പരിസ്ഥിതിയ്ക്ക് ഫോക് ലോറുമായുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുക കൂടി ചെയ്യുന്നു. വിഷുകണി, അത്തപൂക്കളം, തിരുവാതിരപുഴുക്ക് എന്നിവ ഉദാഹരണം. ഇന്ന് പരിസ്ഥിതിയെ ചൂഷണംചെയ്യുന്ന മനുഷ്യൻ ആദ്യകാലങ്ങളിൽ അവയെ ആരാധിച്ച് സംരക്ഷിച്ചിരുന്നു എന്ന വസ്തുത വ്യക്തമാകുന്നതാണ് നമ്മുടെ ആചാരനുഷ്ഠാനങ്ങൾ.

## ആധാരഗ്രന്ഥസൂചി

1. അച്യുതമേനോൻ, ചേലനാട്ട് (ഡോ),

കേരളത്തിലെ കാളിസേവ. മദിരാശി; 1959
2. കേരളഫോക് ലോർഅക്കാദമി, കാളീ സങ്കല്പം കേരള പരിസരത്തിൽ. (എഡി: എം.വി വിഷ്ണുനമ്പൂതിരി), ചിറക്കൽ: 2004
3. 3.കേരളഫോക് ലോർഅക്കാദമി, ഫോക് ലോറിന്റെ കൈവഴികൾ. (രണ്ടു വാല്യങ്ങൾ) 2004
4. കേരളസാഹിത്യഅക്കാദമി, ഫോക് ലോറിന് ഒരു പഠനപദ്ധതി. തൃശൂർ: 1998
5. ജോർജ്, കെ. എം (ഡോ) (എഡി:), സാഹിത്യചരിത്രംപ്രസ്ഥാനങ്ങളിലൂടെ. കോട്ടയം: 1958
6. പരമേശ്വരയ്യർ, എസ്. ഉള്ളൂർ, കേരളസാഹിത്യ ചരിത്രം (ഒന്നാം വാല്യം). തിരുവനന്തപുരം: 1967
7. രാഘവൻ പയ്യനാട് (എഡി:), കേരളഫോക് ലോർ. കണ്ണൂർ:
8. സമയം പബ്ലിക്കേഷൻസ്, 2012
9. രാജഗോപാലൻ, സി ആർ (ഡോ.), കാവേറ്റം. കണിമംഗലം: 2004.
10. രാജഗോപാലൻ, സി ആർ (ഡോ.) (എഡി:), നാട്ടറിവുകൾ (വാല്യങ്ങൾ). കോട്ടയം: കറന്റ് ബുക്സ്, 2004.
11. രാജേന്ദ്രൻ പി. ജി, ക്ഷേത്രവിജ്ഞാനകോശം. കോട്ടയം: ഡി സി ബുക്സ്, 2000
12. വിദ്യാസാഗർ കെ, അനുഷ്ഠാനപുരാവൃത്തം പൊരുൾ. പയ്യന്നൂർ: എഫ്.എഫ്.എം. പബ്ലിക്കേഷൻ, 1998
13. വിഷ്ണുനമ്പൂതിരി, എം വി (ഡോ), ഫോക് ലോർ നിഘണ്ടു. തിരുവനന്തപുരം:
14. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2010
15. വിഷ്ണുനമ്പൂതിരി, എം വി (ഡോ), നാടോടിവിജ്ഞാനീയം. കോട്ടയം: ഡി സി ബുക്സ്, 1996
16. വിഷ്ണുനമ്പൂതിരി, എം വി (ഡോ, കേരളത്തിലെ നാടോടിവിജ്ഞാനീയത്തിന്നൊരു മുഖവുര. കോട്ടയം: 1978
17. വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ. കോട്ടയം: ഡി സി ബുക്സ്, 2014.